"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- എറണാകുളം ജില്ല- ഇലഞ്ഞി ഗ്രാമപഞ്ചായത്ത്- ഭരണസമിതിയുടെ 24/9/2022, 10/10/2022 തീയതികളിലെ 14(1), 4(1) നമ്പർ തീരുമാനങ്ങൾ- കേരള പഞ്ചായത്ത് രാജ് ആക്റ്റ് 191(2) വകുപ്പ് പ്രകാരം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ആർ ബി). വകുപ്പ്**

G.O.(Rt)No.971/2024/LSGD തീയതി,തിരുവനന്തപുരം, 04-06-2024

പരാമർശം:-

1. ഇലഞ്ഞി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24/09/2022 , 10/10/2022 തീയതികളിലെ യഥാക്രമം 14(1), 4(1) നമ്പർ തീരുമാനങ്ങൾ.
2. ഇലഞ്ഞി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12/10/2022 തീയതിയിലെ നമ്പർ 400645/ബിപിആർ എൽ01/ജിപിഒ/2022/322(4) നമ്പർ കത്ത്
3. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 17/11/2022 തീയതിയിലെ DDP-EKM/1822/2022-D1 നമ്പർ കത്ത്
4. 08/12/2022 തീയതിയിലെ സ.ഉ (സാധാ) നം. 3052/2022/തസ്വഭവ
5. ബഹു.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ 30/04/2024 തീയതിയിലെ 10/2022 നമ്പർ ഉത്തരവ്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം (1) പ്രകാരമുള്ള തീരുമാനത്തിനെതിരെ 1995 ലെ കേരള പഞ്ചായത്ത് രാജ് ( പഞ്ചായത്ത് യോഗ നടപടി ക്രമം) ചട്ടങ്ങളിലെ ചട്ടം 29 പ്രകാരം സ്പഷ്ടീകരണം നൽകണമെന്ന് പരാമർശം (2) പ്രകാരം ഇലഞ്ഞി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

2. ഇലഞ്ഞിഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ ഇലഞ്ഞി വില്ലേജ് സർവ്വ നമ്പർ 8/7-ബി, 8/7-ബി2, 8/8-2-2 എന്നിവയിൽ ഉൾപ്പെട്ട സ്ഥലത്ത് ഒരു ടാർ മിക്സിംഗ് പ്ലാൻറ് സ്ഥാപിക്കുന്നതിന് എതിരെയാണ് ഇലഞ്ഞി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 24/9/2022 തീയതിയിലെ 14(1)ാം നമ്പർ ഭരണസമിതി തീരുമാനം. ടി പ്രദേശത്ത് ടാർ മിക്സിംഗ് പ്ലാൻറ് പ്രവർത്തനം ആരംഭിച്ചാലുണ്ടാകുന്ന കെടുതികൾ പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യത്തെ സാരമായി ബാധിക്കും എന്നും ആയത് സംബന്ധിച്ച് ജനങ്ങളുടെ പരാതികൾ ലഭിച്ചിട്ടുള്ളതും

വിലയിരുത്തുകയും, ആയതിൻറെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിന് നിർമ്മാണാനുമതി, മെഷിനറി സ്ഥാപിക്കുന്നതിനുള്ള അനുമതി എന്നിവ നൽകേണ്ടതില്ല എന്ന് യോഗം ഐകകണ്ഠേന തീരുമാനിച്ചു. ഇത് 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ട പ്രകാരം നിർമ്മാണം സംബന്ധിച്ച് അപേക്ഷ നിരസിക്കുന്നതിന് ഭരണസമിതിക്ക് അധികാരമില്ലാത്തതും നിയമാനുസരണം വേണ്ട വകുപ്പുകളുടെ രേഖകൾ ലഭ്യമാക്കിയതിനാലും, 2016ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്, 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ 233-ാം വകുപ്പ് 3-ാം ഉപവകുപ്പിൽ വരുത്തിയ ഭേദഗതി പ്രകാരം. ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള അപേക്ഷയിൽ മലിനീകരണം സംബന്ധിച്ച ആക്ഷേപമുണ്ടെങ്കിൽ ബന്ധപ്പെട്ട അധികാരികളുടെ വിദഗ്ധോപദേശം വാങ്ങിയ ശേഷം മാത്രം തുടർനടപടി സ്വീകരിക്കേണ്ടതാണ് എന്നു വ്യവസ്ഥ ചെയ്തിരിക്കുന്നതിനാലും, Ease of doing business പ്രകാരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നത് സർക്കാർ നയമായതിനാലും ടി സ്ഥാപനം നൽകിയിട്ടുള്ള അപേക്ഷപ്രകാരമുള്ള അനുമതികൾ നിരസിക്കാൻ നിയമപ്രകാരം പഞ്ചായത്തിന് കഴിയാത്തതാണ് എന്ന് പഞ്ചായത്ത് സെക്രട്ടറി ഭരണസമിതിയെ അഭിപ്രായം അറിയിച്ചു. ഭരണസമിതി തീരുമാനം പുന:പരിശോധിക്കണമെന്ന് പ്രസിഡൻറിനോട് സെക്രട്ടറി രേഖാമൂലം ആവശ്യപ്പെട്ടതനുസരിച്ച് 10/10/2022ലെ പഞ്ചായത്ത് കമ്മിറ്റിയുടെ അജണ്ടയിൽ വിഷയം ഉൾപ്പെടുത്തി ചർച്ച ചെയ്യുകയും ടി അപേക്ഷ പ്രകാരം അനുമതികൾ നൽകേണ്ടതില്ല എന്ന 24/09/22ലെ 14(1) ലെ തീരുമാനത്തിൽ ഉറച്ച് നിൽക്കുന്നതിന് ഐക്യകണ്ഠേന തീരുമാനിക്കുകയുണ്ടായി. ഇതിനെതുടർന്ന് പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ടി തീരുമാനങ്ങൾ, 1994ലെ കേരള പഞ്ചായത്ത് രാജ്(നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൻമേൽ സ്വീകരിക്കേണ്ട നടപടി ക്രമം) അനുസരിച്ച് സർക്കാരിൽ റഫർ ചെയ്യുകയുണ്ടായി. ഇക്കാര്യത്തിൽ പരാമർശം (3) പ്രകാരം എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

3. ഗ്രാമപഞ്ചായത്ത് ഭരണസമിതി കൈക്കൊണ്ട പരാമർശം (1) പ്രകാരമുള്ള തീരുമാനങ്ങൾ പ്രഥമദൃഷ്ട്യാ നിയമാനുസൃതമല്ലാത്തതായി കണ്ടതിനെതുടർന്ന്, കേരള പഞ്ചായത്ത് രാജ് ആക്ട് 191(4) പ്രകാരം, ടി തീരുമാനങ്ങൾ സ്റ്റേ ചെയ്ത് 191(2) പ്രകാരം ബഹു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്ത് പാരമർശം (4) പ്രകാരം ഉത്തരവായിരുന്നു.

4. ഈ വിഷയത്തിൽ പരാമർശം (5) ബഹു. ട്രൈബ്യൂണൽ ഉത്തരവ് പ്രകാരം ഇലഞ്ഞി

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24/09/2022 തീയതിയിലെ 14(1) നമ്പർ തീരുമാനം നിയമവിധേയമല്ലെന്നും ഇലഞ്ഞി ഗ്രാമപഞ്ചായത്ത് സെക്രട്ടറി എടുത്ത തീരുമാനം നിയമപ്രകാരമാണെന്നും വിലയിരുത്തുകയുണ്ടായി.

5.. ബഹു. ട്രൈബ്യൂണലിന്റെ പരാമർശം (5) പ്രകാരമുള്ള ഉത്തരവിന്റെ വെളിച്ചത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഇലഞ്ഞി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24/09/2022 തീയതിയിലെ 14(1)-ാം നം. ഭരണസമിതി തീരുമാനവും 10/10/2022 ലെ പഞ്ചായത്ത് യോഗത്തിന്റെ 4(1) അജണ്ട പ്രകാരമുള്ള തീരുമാനവും. നിയമാനുസൃതമല്ലാത്തതിനാൽ കേരള പഞ്ചായത്ത് രാജ് നിയമം 191(2) വകുപ്പിലെ അധികാരം വിനിയോഗിച്ച് അവ റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

H MUHAMMED FAISAL
DEPUTY SECRETARY

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ ) വകുപ്പ്, തിരുവനന്തപുരം.
ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
പ്രസിഡന്റ്, ഇലഞ്ഞി ഗ്രാമപഞ്ചായത്ത്
സെക്രട്ടറി, ഇലഞ്ഞി ഗ്രാമപഞ്ചായത്ത്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം
Signed by
Rajesh N
Date: 06-06-2024 14:22:39